പബ്ലിക് പാർക്കുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

21 (*580) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. ദാസൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി.റ്റി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ പബ്ലിക് പാർക്കുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പബ്ലിക് പാർക്കുകളിൽ നടത്തേണ്ട അറ്റകുറ്റപണികൾ യഥാസമയം നടത്താത്തതുകൊണ്ടും പാർക്കുകളിലെ ചെടികൾക്കും വൃക്ഷങ്ങൾക്കും ആവശ്യമായ പരിരക്ഷ നല്കാത്തതുകൊണ്ടുമാണ് അവ നശിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പബ്ലിക് പാർക്കുകളിൽ സാമൂഹ്യവിരുദ്ധ ശല്യം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ;

(എഫ്) പബ്ലിക് പാർക്കുകൾ മോടിപിടിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ജി) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പബ്ലിക്ക് പാർക്കുകൾ സംരക്ഷിക്കാൻ എന്തെങ്കിലും സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദുകുട്ടി):

(എ) ഉണ്ട്.

(ബി) സർക്കാർ തലത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) പാർക്കുകളുടെ ശോച്യാവസ്ഥയ്ക്ക് ഇതും ഒരു കാരണമാണ്.

(ഡി) ഇത്തരം പരാതികൾ ഉണ്ടാകാറുണ്ട്.

(ഇ) പാർക്കുകളുടെ ചുമതല വഹിക്കുന്നവരുടെ ഉത്തരവാദിത്വത്തിൽപ്പെടുന്ന കാര്യമാണിത്.

(എഫ്) സർക്കാർ തലത്തിൽ ഇതിനു പരിപാടിയൊന്നുമില്ല.

(ജി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എന്തൊക്കെ ചെയ്യണമെന്ന് തീരുമാനിക്കേണ്ടത് അതത് സ്ഥാപനങ്ങളാണ്. പാർക്കുകളുടെ സംരക്ഷണം സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കാൻ അവയ്ക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. സംസ്ഥാനതലത്തിൽ ഇതിന് എന്തെങ്കിലും സംവിധാനം വേണമെന്നു കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly